ജീവിതം ധന്യവും പുതിയതും

# റിവൈവ്

വാല്യം 12, ലക്കം 3 | മാർച്ച് 2019 | ഹെബ്രോൻ, കുമ്പനാട്, കേരള | www.revivemegod.org




# ആസക്തികൾ

06 **വിവിധതരം ആസക്തികൾ**
വിവിൻ മാത്യു

09 **ആസക്തിയുള്ളവരെ തിരിച്ചറിയുന്ന വിധം**
ഡോ. സജികുമാർ കെ. പി.

13 **ആസക്തർക്കു വേണ്ടിയുള്ള കൗൺസിലിംഗ്**
ഡോ. സാംസൺ ഗാന്ധി

21 **മയക്കുമരുന്നിന്റെ ഉപയോഗം കുട്ടികളിലും യുവാക്കളിലും**
പാസ്റ്റർ ഇമ്മാനുവൽ പി. ജി.



**Pastor Dr. T. Valson Abraham**

*Founder / President*
India Gospel Outreach
*President*
India Bible College and Seminary

## ആസക്തിയിൽ നിന്ന് മോചനം

**ഇന്ത്യയിലോ** യൂറോപ്പിലോ ആഫ്രിക്കയിലോ അമേരിക്കയിലോ എവിടെയായിരുന്നാലും ആസ ക്തി ഒരു വലിയ പ്രശ്നമാണ്.

ജെറാൾഡ് മെയ്ൻ ആസക്തിയെ നിർവ്വചിക്കുന്നത് ഇപ്രകാരമാണ്: ''മാനുഷിക അഭിലാഷങ്ങളുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്ന പ്രകടമായ ദുശീലം.'' മറ്റൊരു വിധത്തിൽ പറഞ്ഞാൽ ആസക്തൻ ഒരു അടിമയാണ്. എന്തിനോട് ആസക്തനായിരിക്കുന്നോ അത് അവന് ഒരു വിഗ്രഹമായി മാറുന്നു. എന്നാൽ ദൈവം പറയുന്നത്: ''ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്'' എന്നത്രേ.

ആസക്തികളുടെ കാരണങ്ങൾ ഏവയാണ്? മനുഷ്യൻ അവന്റെ സൃഷ്ടിതാവിനെ മറന്ന

## ആസക്തി

**ബന്ധങ്ങളുടെ ഒരു പ്രശ്നമായതിനാൽ ദൈവവുമായുള്ള ബന്ധമാണ് ആസക്തിയുടെ ബന്ധനം അഴിക്കുന്നത്. ആസക്തികളിൽ നിന്നുള്ള സൗഖ്യം വചനത്തിലൂടെയും അനുഭവത്തിലൂടെയും ദൈവത്തെ അറിയുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു.**

താണ് ഏറ്റവും വലിയ കാരണം. ദൈവീക സത്യത്തിനു പകരം നാം വ്യാജത്തിൽ വിശ്വസിക്കുന്നതാണ് കാരണം. ദൈവവുമായുള്ള നമ്മുടെ ബന്ധം ശരിയല്ലെന്നുള്ളതിന്റെ തെളിവാണ് നമ്മുടെ ആസക്തികൾ. ദൈവശബ്ദത്തിന് വെളിയിലുള്ള ശബ്ദങ്ങൾ നാം ശ്രവിക്കുന്നു. സത്യത്തിനു പകരം വ്യാജം വിശ്വസിക്കുന്നു.

മനുഷ്യന്റെ ആരോഗ്യം, ബന്ധങ്ങൾ, തൊഴിൽ, കുടുംബം ഇവയൊക്കെ നശിപ്പിക്കുന്ന വിവിധ ആസക്തികളുണ്ട്.സാർവ്വത്രികമായിട്ടുള്ള ഒന്നാണ് പുകവലിയോടുള്ള ആസക്തി.

- ഏതാണ്ട് 5.4 മില്ല്യൺ മരണങ്ങൾ വർഷംതോറും പുകവലി നിമിത്തം സംഭവിക്കുന്നു.
- 2015-ൽ 6.5 മില്ല്യൺ മനുഷ്യരും 2030-ൽ 8.3 മില്ല്യൺ മനുഷ്യരും പുകവലിമൂലം കൊല്ലപ്പെടുമെന്ന് അത് സംബന്ധിച്ച പഠനങ്ങൾ പ്രവചിക്കുന്നു.
- ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ഓരോ 65 സെക്കൻഡിലും ഒരു പുകവലിക്കാരൻ മരിക്കുന്നു.
- 1.3 ബില്ല്യൺ ആളുകളാണ് നിലവിൽ പുകവലിക്കാരായി ലോകത്തിലുള്ളത് (WHO).
- 4,43,000-ത്തിലധികം അമേരിക്കക്കാരാണ് ഓരോ വർഷവും പുകവലി നിമിത്തം മരണപ്പെടുന്നത്. പുകവലിക്കാരോടുള്ള സംസർഗ്ഗം നിമിത്തം മരിക്കുന്നത് 50,000 പേർ വീതമാണ്.
- പുകവലി നിമിത്തം ചൈനയിൽ ഒരു വർഷം 1.2 മില്ല്യൺ ജനങ്ങൾ മരിക്കുന്നു. ദിവസം 2000 പേർ വീതം.
- ഈ പ്രവണത തുടർന്നാൽ 21-ാം നൂറ്റാണ്ടിൽ ഒരു ബില്ല്യൺ ജനങ്ങൾ പുകവലി നിമിത്തം മരണപ്പെടും.
- 33 ശതമാനം മുതൽ 50 ശതമാനം വരെ കൊല്ലപ്പെടുന്നത് ദുശ്ശീലത്തിന്റെ ഫലമായിട്ടാണ്.
- വിവിധ ശ്വാസകോശ രോഗങ്ങൾക്ക് കാരണം പുകവലിയാണ്. ക്യാൻസർ, ഹൃദയസംബന്ധമായ രോഗങ്ങൾ തുടങ്ങിയവയെല്ലാം പുകവലി ഉളവാക്കുന്നവയാണ്.
- എന്തെല്ലാം ന്യായീകരണങ്ങൾ നിരത്തിയാലും പുകവലി ഒരു ദുശ്ശീലം തന്നെയാണ്.

ആസക്തരോട് യേശുവിന് പ്രത്യേകമായി ഒരു സന്ദേശം അറിയിക്കുവാനുണ്ട്: ''... ബദ്ധന്മാർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കുവാനും..., പീഢിതരെ വിട്ടയപ്പാനും ഞാൻ വന്നിരിക്കുന്നു.''

ആസക്തി ബന്ധങ്ങളുടെ ഒരു പ്രശ്നമായതിനാൽ ദൈവവുമായുള്ള ബന്ധമാണ് ആസക്തിയുടെ ബന്ധനം അഴിക്കുന്നത്. ആസക്തികളിൽ നിന്നുള്ള സൗഖ്യം വചനത്തിലൂടെയും അനുഭവത്തിലൂടെയും ദൈവത്തെ അറിയുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. യേശു പറഞ്ഞു: ''അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ ഏവരുമെ, നിങ്ങൾ എന്റെ അടുക്കൽ വരുവീൻ ഞാൻ നിങ്ങൾക്ക് ആശ്വാസം തരും.'' ദൈവപ്രവർത്തിയിലൂടെ മാത്രമെ ആസക്തികളിൽ നിന്നുള്ള ശരിയായ സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂ. ആസക്തിയുടെ ശാപം മാറ്റുവാൻ ദൈവാത്മാവിനു മാത്രമേ കഴിയുകയുള്ളൂ. ദൈവാത്മാവിന് തന്നിൽ പ്രവർത്തിക്കുവാൻ ആസക്തൻ സ്വയം ഏല്പിച്ചു കൊടുത്തുവെങ്കിൽ മാത്രമെ അവന് സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂ.

പൗലൂസ് അപ്പോസ്തലൻ പറയുന്നു: ''നിങ്ങൾ മനസ്സുപുതുക്കി രൂപാന്തരപ്പെടുവീൻ'' എന്ന് (റോമ. 12:2). യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ തലയും ഹൃദയവും ഒരുപോലെ പുതുക്കപ്പെടുന്നതാണ് ഈ രൂപാന്തരാനുഭവം.

മയക്കുമരുന്ന്, പുകയില, ചൂതുകളി, മദ്യപാനം എന്നീ ആസക്തികൾക്ക് അടിമകളായിരുന്ന നിരവധി പേരാണ് ഇന്ന് അവയിൽ നിന്നും സ്വാതന്ത്ര്യം തേടി യേശുവിനെ അനുഗമിക്കുന്നത്. യേശുവിനായി ജീവിതം സമർപ്പിച്ചപ്പോൾ അവരുടെ ജീവിതത്തിന്റെ ഈവിധ വശങ്ങളും അവർ കർത്താവിനെ ഏല്പിച്ചു. പരിശുദ്ധാത്മാവിനാൽ നിറഞ്ഞതിനാൽ അശുദ്ധമായവയോടുള്ള പ്രതിപത്തി അവരിൽ ഇല്ലാതായി. ക്രിസ്തുവിൽ സ്വാതന്ത്ര്യമായി ജീവിക്കുവാനുള്ള ശക്തി അവർ സ്വായത്തമാക്കി. ഇന്ന് ദശലക്ഷക്കണക്കിനാളുകളാണ് തങ്ങളുടെ ജീവിതത്തിൽ സ്വാതന്ത്ര്യവും സമാധാനവും കാംക്ഷിക്കുന്നത്. മയക്കുമരുന്നിലും മദ്യത്തിലും പുകവലിയിലും ചൂതുകളിയിലും അസാന്മാർഗിക ലൈംഗീക പാപങ്ങളിലും അഭയംതേടി സന്തോഷത്തിനായി അനേകർ പരക്കംപായുന്നു. ഇവയെല്ലാം താത്ക്കാലിക സംതൃപ്തി മാത്രമെ നൽകുന്നുള്ളൂ. മാത്രമല്ല, ആരോഗ്യത്തെയും കുടുംബജീവിതത്തെയും അത് തകർക്കുകയും ചെയ്യുന്നു.

യേശുക്രിസ്തുവിൽ വിശ്വസിക്കുക. നിങ്ങളെ സൗഖ്യമാക്കുവാനും സ്വതന്ത്രരാക്കുവാനും ദൈവത്തിന് കഴിയും.

നിങ്ങളുടെ പാപങ്ങളും ആസക്തികളും യേശുവിനോട് ഏറ്റുപറയുക. ഉത്തരവാദിത്തമുള്ള ഒരു വ്യക്തിയായി തീരുവാൻ നിങ്ങളെ സഹായിക്കുന്ന ഒരു പക്വതയുള്ള ക്രിസ്തീയ സ്നേഹിതന്റെ സഹായം തേടുക. നിങ്ങളുടെ മനസ്സിനെ ദൈവവചനത്താലും നിങ്ങളുടെ ജീവിതത്തെ നല്ല ശീലങ്ങളാലും നിറയ്ക്കുകയും ചെയ്യുക.



# ഐ.പി.സി. അട്ടപ്പാടി ഡിസ്ട്രിക്റ്റ് കൺവെൻഷൻ, ഡിസംബർ 27 – 30

## ഐ.പി.സി. അട്ടപ്പാടി ഡിസ്ട്രിക്റ്റ്

വന്യമൃഗ ഭീഷണി നേരിടുന്ന ജനവാസ മേഖലകളും പട്ടിണി മരണങ്ങൾ സംഭവിക്കുന്ന ആദിവാസിക്കുടികളും വേണ്ടത്ര ഗതാഗത സൗകര്യങ്ങൾ ഇല്ലാത്തതുമായ അട്ടപ്പാടി മേഖലയിൽ സുവിശേഷ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ട ആവശ്യകതയെപ്പറ്റി 1985-ലെ ഒരു ദിനം മിസ്സസ് മേരി ഏബ്രഹാം ഹെബ്രോൻ ബൈബിൾ സ്കൂളിൽ ക്ലാസ്സുകൾ എടുക്കുമ്പോൾ ബഞ്ചമിൻ തോമസ് എന്ന വിദ്യാർത്ഥിയെ ഈ കാര്യങ്ങൾ ആഴത്തിൽ സ്പർശിക്കുകയും അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾക്ക് തന്നെത്തന്നെ സമർപ്പിക്കുകയും ആ മേഖലകളിൽ താൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഹെബ്രോൻ ബൈബിൾ സ്കൂളിലെ തന്നെ മറ്റൊരു വിദ്യാർത്ഥി ആയിരുന്ന പാസ്റ്റർ എം. ജെ. മത്തായിയും പിന്നീട് ഇവിടെ എത്തുകയും പ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ടു പോകുകയും ചെയ്തു. അട്ടപ്പാടി മേഖലയെക്കുറിച്ച് ആത്മഭാരമുണ്ടായിരുന്ന ഐ.പി.സിയുടെ ആദരണീയ നേതാവായിരുന്ന പാസ്റ്റർ റ്റി.എസ്. ഏബ്രഹാമും സഹധർമ്മിണി മിസ്സസ് മേരി ഏബ്രഹാമും തുടക്കം മുതൽ ഈ പ്രവർത്തനങ്ങൾക്ക് ഒപ്പം നിൽക്കുകയും ആവശ്യമായ സാമ്പത്തിക സഹകരണങ്ങൾ നൽകുകയും ചെയ്തു വന്നു.

അട്ടപ്പാടിയിൽ പ്രവർത്തനങ്ങൾ ആരംഭിച്ച നാളുകൾ മുതൽ പാസ്റ്റർ റ്റി.എസ്. ഏബ്രഹാം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും 1994-ൽ അട്ടപ്പാടി ഡിസ്ട്രിക്റ്റ് രൂപീകൃതമായ ശേഷം 2011-വരെ ഡിസ്ട്രിക്റ്റ് പാസ്റ്ററായും തുടർന്ന് 2018-ൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെടുന്നതുവരെ ഡിസ്ട്രിക്റ്റ് രക്ഷാധികാരിയായി പ്രവർത്തിക്കുകയും ചെയ്തു. 1999-ൽ പാസ്റ്റർ എം. ജെ. മത്തായി ഡിസ്ട്രിക്റ്റ് വൈസ് പ്രസിഡന്റായും 2011-ൽ പാസ്റ്റർ റ്റി. എസ്. ഏബ്രഹാമിന്റെ നിർദേശപ്രകാരം ഡിസ്ട്രിക്റ്റ് പാസ്റ്ററായും നിയമിതനാകുകയും ഇന്നും തുടരുകയും ചെയ്യുന്നു.

കഠിനമായ പ്രതികൂലങ്ങളാണ് അട്ടപ്പാടി പ്രവർത്തനങ്ങൾക്ക് പലപ്പോഴും അഭിമുഖീകരിക്കേണ്ടിവന്നത്. സുവിശേഷ വിരോധികളാലുള്ള ഭീഷണികൾ, വന്യമൃഗ-ഇഴജന്തു ആക്രമണങ്ങൾ, വേണ്ടത്ര ഗതാഗത സൗകര്യമില്ലായ്മ, സാമ്പത്തിക പരാധീനതകൾ, ആരാധനാലയങ്ങളുടെ അപര്യാപ്തത തുടങ്ങിയവ എല്ലാം സഹിച്ചും സുവിശേഷകർ തളരാതെ മുന്നേറിയപ്പോൾ ദൈവം അട്ടപ്പാടി സെന്ററിനെ വളർത്തി. ഇപ്പോൾ 25 സഭകളും 20 ഔട്ട് സ്റ്റേഷൻ പ്രവർത്തനങ്ങളും ഇവിടുണ്ട്. വിശ്വസ്തരായ 20 സുവിശേഷകർ ഈ സെന്ററിൽ പ്രവർത്തിക്കുന്നു. പാസ്റ്റർ എം. ജെ. മത്തായി (ഡിസ്ട്രിക്റ്റ് പാസ്റ്റർ) യോടൊപ്പം, പാസ്റ്റർ അഡ്വ. ജോൺസൺ പള്ളിക്കുന്നേൽ (സെക്രട്ടറി), പാസ്റ്റർ സ്റ്റീഫൻ തട്ടാരത്തറ (വൈസ് പ്രസിഡന്റ്), ബ്രദർ ഫിന്നി ജോൺ (ജോയിന്റ് സെക്രട്ടറി), ബ്രദർ ജോയ് റ്റി ജെ. (ട്രഷറർ) എന്നിവരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

കെ. ഈ. ഏബ്രഹാം ഫൗണ്ടേഷന്റെ കീഴിൽ ഇന്ത്യാ ഗോസ്പൽ ഔട്ട് റീച്ച് (IGO) ആണ് ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ചെയ്യുന്നത്. ദൈവകൃപയാൽ സെന്ററിന്റെ പ്രവർത്തനങ്ങൾ ഫലകരമായി മുന്നോട്ടുപോകുന്നു. പുതിയ ആത്മാക്കളെ നൽകി കർത്താവ് സഭയെ വളർത്തുന്നു.

എല്ലാ വർഷവും തുടർച്ചയായി നടന്നു വരുന്ന ഐ.പി.സി. അട്ടപ്പാടി ഡിസ്ട്രിക്റ്റ് കൺവെൻഷൻ ഈ വർഷവും 2018 ഡിസംബർ 27 മുതൽ 30 വരെ പള്ളിക്കുറുപ്പ് സുകുപ്പടി ഐ.പി.സി. ശീലോഹാം സഭാ മൈതാനത്തു വച്ചു നടന്നു. അട്ടപ്പാടി മേഖലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ധാരാളം ആളുകൾ വന്ന് സംബന്ധിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്തു.



**പാസ്റ്റർ എം. ജെ. മത്തായി**
ഡിസ്ട്രിക്റ്റ് പാസ്റ്റർ,
ഐ.പി.സി. അട്ടപ്പാടി ഡിസ്ട്രിക്റ്റ്



**പാസ്റ്റർ അഡ്വ. ജോൺസൺ പള്ളിക്കുന്നേൽ**, ഡിസ്ട്രിക്റ്റ് സെക്രട്ടറി, ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു



ഗോസ്പൽ സിംഗേഴ്സ്, തൃശ്ശൂർ



അട്ടപ്പാടിയിലെ വിവിധ സഭകളിൽ നിന്നെത്തിയ പാസ്റ്റർമാർ വേദിയിൽ



**ലഫ്. കേണൽ വി. ഐ. ലൂക്ക്**
ശനിയാഴ്ച വൈകുന്നേരത്തെ സെഷനിൽ ദൈവവചനം സംസാരിക്കുന്നു





**ഇവാ. അനു കോശി**
ഞായറാഴ്ച ആരാധനയിൽ ദൈവവചനം സംസാരിക്കുന്നു



തിരുവത്താഴ ശുശ്രൂഷയ്ക്ക് **പാസ്റ്റർ എം. ജെ. മത്തായി** നേതൃത്വം നൽകുന്നു



അട്ടപ്പാടി സെന്ററിലുള്ള വിവിധ സഭകളിൽ നിന്നുള്ള വിശ്വാസികൾ തിരുവത്താഴ ശുശ്രൂഷയിൽ പങ്കെടുക്കുന്നു



# വിവിധതരം ആസക്തികൾ



വിവിൻ മാത്യു
കൗൺസിലർ, ന്യൂ ഹോപ്പ്
കൗൺസിലിംഗ് സെന്റർ, കുമ്പനാട്

## ഒരുതരം

**സാമൂഹിക വ്യവസ്ഥയിൽ ജീവിക്കുന്ന ഒരു വ്യക്തി പ്രസ്തുത വ്യവസ്ഥയുമായി സംതുലനം കാക്കുന്നത് സ്വാഭാവികമാണ്. പക്ഷെ, ആ സംവിധാനം അഥവാ വ്യവസ്ഥ ദോഷകരമാണെങ്കിൽ, അത് ദോഷകരമായ സ്വഭാവമുള്ളതാക്കി വ്യക്തികളെ തീർക്കുന്നു.**

*“ഏതു തരത്തിലുള്ള ആസക്തിയും മോശമാണ്, അത് നർക്കോട്ടിക്കോ, ആൽക്കഹോളോ, മോർഫിനോ, ആശയപരമോ, ഏതുതന്നെ ആയിരുന്നാലും.”* - കാൾ ജംഗ്.

**ആസക്തിയെക്കുറിച്ച്** നാം ചിന്തിക്കുമ്പോൾ തന്നെ ലഹരി പിടിച്ചവരുടെ പ്രതിരൂപങ്ങളാണ് നമ്മുടെ മനസ്സിലേക്ക് ഓടിയെത്തുന്നത്. വിവിധ വസ്തുക്കൾക്ക് അടിമപ്പെടുന്നതിന്റെ ഫലമായി ജീവിതം നഷ്ടപ്പെട്ട ആരുടെയൊക്കെയെങ്കിലും ചരിത്രം എല്ലാവർക്കും അറിയാം. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളും ഉപയോഗിക്കുന്ന പദമാണ് ആസക്തി എന്നത്. മനുഷ്യവർഗ്ഗത്തിനിടയിലെ ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ് ആസക്തി. എന്നാൽ ഇതിന്റെ പൊതുവായ ഉപയോഗം പലവിധ ചോദ്യങ്ങളും തർക്കങ്ങളും ഉളവാക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ ആസക്തി പ്രശ്നങ്ങൾ എത്രത്തോളം വലിയതാണ്? ആസക്തിയും ചീത്തസ്വഭാവങ്ങളും തമ്മിലുള്ള വ്യത്യാസം എന്താണ്? ആസക്തിയും വസ്തുക്കളിലുള്ള ആശ്രയവും ഒന്നുതന്നെയാണോ? ആസക്തി ഉളവാക്കുന്നത് എന്താണ്?

വസ്തുക്കളുടെ ദുരുപയോഗത്തെക്കുറിച്ചുള്ള ആഗോള കണക്കുകൾ, ഇതിന്റെ ദോഷഫലങ്ങൾ ലോകത്തിലെവിടെയുമുണ്ട് എന്ന് മനസ്സിലാക്കുവാൻ സഹായിക്കുന്നു. 2014-ലെ ഒരു സർവ്വേ പറയുന്നത്, പ്രായപൂർത്തിയായവരിൽ 22.5% ആൾക്കാർ മദ്യപിക്കുന്നവരാണ്. 32% ആണുങ്ങളും 7 ശതമാനം സ്ത്രീകളും പുകയില ഉപയോഗിക്കുന്നവരുമാണ്. പുരുഷന്മാർക്കിടയിലെ 11%വും സ്ത്രീകൾക്കിടയിൽ 6% വും മരണം പുകയില ഉപയോഗം നിമിത്തമാണ്. നിരോധിക്കപ്പെട്ട മയക്കു മരുന്നു കുത്തിവയ്ക്കുന്നവരുടെ എണ്ണം 3.5% (15 മില്ല്യൺ) ആണ്. തിട്ടപ്പെടുത്താൻ കഴിയാത്ത എണ്ണമറ്റ മനഃശാസ്ത്രപരവും പെരുമാറ്റപരവുമായ ആസക്തികളുടെ വെളിച്ചത്തിൽ, മേൽപ്പറഞ്ഞ കണക്ക് ഒരു വലിയ മഞ്ഞുമലയുടെ വെള്ളത്തിന് മുകളിൽ ഉയർന്നു കാണുന്ന ചെറിയ അഗ്രം പോലെ മാത്രമേയുള്ളൂ. ചൂതുകളി, ഇന്റർനെറ്റ് ആസക്തികൾ മുതൽ ടെലിവിഷൻ വരെയുള്ള ആസക്തികൾ ലോകവ്യാപകമായി സംഹാരതാണ്ഡവം നടത്തുകയാണ്. ഇതിനെ തടയാൻ കഴിയാതെ ഗ്രസിക്കപ്പെടുന്ന കുടുംബങ്ങളും വർദ്ധിച്ചു വന്നുകൊണ്ടിരിക്കുന്നു.

ആസക്തി പൊതുവെ മനഃശാസ്ത്രപരവും പെരുമാറ്റസംബന്ധമായതുമാണ്. വർദ്ധിച്ച ആഗ്രഹം, പ്രേരണ, ഹാനികരമായ വസ്തുക്കൾ ഉപയോഗിക്കുന്നത് നിർത്താൻ കഴിയാത്ത അവസ്ഥ, താളം തെറ്റിയ ജീവിതശൈലി എന്നിവ ആസക്തിയുടെ ലക്ഷണങ്ങളാണ്. പൊതുവെ പല രീതികളിലാണ് ആസക്തി അറിയപ്പെടുന്നത്. ജീവിത യാഥാർത്ഥ്യങ്ങളെ നേരിടുന്നതിൽ നിന്നും ശ്രദ്ധ മാറ്റുന്ന, അനിയന്ത്രിതമായ വിധത്തിൽ ഏതെങ്കിലും ഒരു കാര്യത്തിൽ മാത്രം വ്യാപൃതമാകുന്ന അവസ്ഥ ആസക്തിയാണ്. നിരാശ, ഭയം, സുരക്ഷിതത്വമില്ലായ്മ, വേദനകൾ,

## വർദ്ധിച്ച

**ആഗ്രഹം, പ്രേരണ, ഹാനികരമായ വസ്തുക്കൾ ഉപയോഗിക്കുന്നത് നിർത്താൻ കഴിയാത്ത അവസ്ഥ, താളം തെറ്റിയ ജീവിതശൈലി എന്നിവ ആസക്തിയുടെ ലക്ഷണങ്ങളാണ്. പൊതുവെ പല രീതികളിലാണ് ആസക്തി അറിയപ്പെടുന്നത്. ജീവിത യാഥാർത്ഥ്യങ്ങളെ നേരിടുന്നതിൽ നിന്നും ശ്രദ്ധ മാറ്റുന്ന, അനിയന്ത്രിതമായ വിധത്തിൽ ഏതെങ്കിലും ഒരു കാര്യത്തിൽ മാത്രം വ്യാപൃതമാകുന്ന അവസ്ഥ ആസക്തിയാണ്.**

അടിമത്വം തുടങ്ങിയവയിൽ നിന്നുള്ള മോചനത്തിനായി പലരും ചില വസ്തുക്കളെ നിരന്തരം ദുരുപയോഗിക്കുന്നതാണ്, പദാർത്ഥസംബന്ധമായ ആസക്തിയായി മാറുന്നത്. ജീവിതത്തിൽ ഉദ്ദേശമോ പരസ്പരബന്ധമോ ഇല്ലാതാവുന്ന അവസ്ഥയെയും ചിലർ ആസക്തി എന്ന് പറയാറുണ്ട്.

ഒരു വ്യക്തിയുടെ കേന്ദ്രനാഡീവ്യവസ്ഥയെ ബാധിക്കുന്ന മയക്കുമരുന്നുകളുടെ ഉപയോഗമാണ് വളരെ ഗൗരവപൂർണ്ണമായി ആസക്തികളിൽ ആഗോളവ്യാപകമായി കാണുന്നത്. ഉത്തേജനം നൽകുന്നതിനുള്ള കൂടുതൽ പ്രേരണയാണ് ആസക്തിയിലൂടെ ഉണ്ടാകുന്നത്. കൂടുതൽ സംതൃപ്തി തോന്നലുകളിൽ ഉണ്ടാക്കുന്ന വസ്തു തലച്ചോറിൽ മയക്കുമരുന്നുകൾ പ്രവർത്തിപ്പിക്കുന്നതിനാൽ അവ കൂടുതൽ ആസക്തി സ്വഭാവങ്ങളിലേക്ക് ഒരു വ്യക്തിയെ നയിക്കുന്നു. പെരുമാറ്റ ആസക്തികൾ പലപ്പോഴും മയക്കുരുന്ന് ആസക്തികളോടൊപ്പം ചില വ്യക്തികളിൽ കാണുന്നു.

### ആസക്തി - നിർവ്വചനം

*"എന്താണ് ആസക്തി? അത് ദുഃഖത്തിന്റെ ഒരു അടയാളമോ ലക്ഷണമോ ആണ്. നാം മനസ്സിലാക്കേണ്ട ഒരു അവസ്ഥയുടെ ഭാഷയാണ് അത്"* -ആലീസ് മില്ലർ

വ്യക്തതയും അറിവും ലഭിക്കേണ്ടതിന് ആസക്തിക്ക് നിർവചനം ആവശ്യമാണ്. താഴെ പറയുന്ന നിർവചനങ്ങൾ വളരെ ശ്രദ്ധേയമാണ്: അമേരിക്കൻ മനഃശാസ്ത്ര അസ്സോസിയേഷൻ (APA) ആസക്തിയെ ഇപ്രകാരം നിർവ്വചിക്കുന്നു.

"തൽക്കാലം, ചില പദാർത്ഥങ്ങളുടെ ഉപയോഗം ഉണ്ടാക്കുന്ന ഹാനിയ്ക്കപ്പുറം, അതിന്റെ ഉപയോഗം നൽകുന്ന മാനസിക സുഖം ആസ്വദിക്കാൻ, ഒരു പദാർത്ഥവുമായോ ഒരു പ്രവർത്തിയുമായോ തുടർച്ചയായി ബന്ധപ്പെട്ടിരിക്കുന്ന അവസ്ഥയാണ് ആസക്തി."

### ആസക്തിയെ സംബന്ധിച്ച് നാലു പ്രധാന കാര്യങ്ങൾ ഈ നിർവചനം നമുക്ക് നൽകിത്തരുന്നു. അവ താഴെ പറയുന്നു:

1. വസ്തുക്കളും പ്രവർത്തിയുമായി ബന്ധപ്പെട്ട് ആസക്തികൾ ഉണ്ട് (ലൈംഗികം, ചൂതുകളി). പദാർത്ഥസംബന്ധമായ ആസക്തി എന്നാൽ ശരീരത്തിനുള്ളിലേക്ക് എന്തെങ്കിലും സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. മയക്കുമരുന്നുകൾ, പുകയില, മദ്യം, നിയമവിരുദ്ധമായ മരുന്ന് ഉപയോഗം എന്നിവ ഇതിൽ പെടുന്നു. പ്രവർത്തന സംബന്ധമായ ആസക്തിയിൽ ചൂതുകളി, ലൈംഗികത, ഇന്റർനെറ്റ്, അശ്ലീല വീഡിയോ/സാഹിത്യം, ഷോപ്പിംഗ് തുടങ്ങിയ ഉൾപ്പെടുന്നു. ചിലർ ഇതിനെ 'ആസക്തിപ്രക്രിയ' എന്നു വിളിക്കുന്നു.
2. ആസക്തി വലിയ ഹാനി വരുത്തുന്നു: ആസക്തൻ മാത്രമല്ല, താനുമായി ബന്ധപ്പെട്ടവരിലും ഇത് അപകടം വരുത്തുന്നു. 'മോശം സ്വഭാവവും' ആസക്തിയും തമ്മിലുള്ള വ്യത്യാസം, ആസക്തി നിമിത്തം ആ വ്യക്തി മാത്രമല്ല മറ്റുള്ളവരും കൂടെ അപകടത്തിൽ പെടുന്നു എന്നതാണ്. 'പദാർത്ഥസംബന്ധമായ ഹാനി' എന്നാൽ, പദാർത്ഥങ്ങളുടെ ദുരുപയോഗം നിമിത്തം ഉണ്ടാകുന്ന അനാരോഗ്യം, വ്യക്തിബന്ധങ്ങളിലെ തകർച്ച, സാമ്പത്തിക തകർച്ച തുടങ്ങിയവയാണ്.
3. പദാർത്ഥങ്ങൾ നിമിത്തം ഹാനി വരുമെന്ന് അറിയാമെങ്കിലും അതിന്റെ ആവർത്തിച്ചുള്ള ഉപയോഗമാണ് ആസക്തി. ക്രമമായും തുടർച്ചയായും ഒരു സ്വ ഭാവം മാറുമ്പോഴാണ് അത് ആസക്തിയാകുന്നത്.
4. ഒരു ഉപയോഗമോ പ്രവർത്തിയോ സന്തോഷകരമായി തോന്നി തുടരുന്നതാണ് ആസക്തി. ഒരു പദാർത്ഥ ഉപയോഗമോ, ഒരു പ്രവർത്തിയോ തുടക്കത്തിൽ സന്തോഷപ്രദമോ വിലയേറിയതോ ആയി തോന്നുന്നതിനാലാണ് ഒരു വ്യക്തി അത് ഉപയോഗിച്ചോ ചെയ്തോ തുടങ്ങുന്നത്. തുടക്കത്തിൽ അത് ആകാംഷയെ കുറയ്ക്കുകയോ ചില വേദനാകരമായ അവസ്ഥയിൽ നിന്ന് വിടുതൽ നൽകുകയോ ചെയ്യും. ഇത് പിന്നീട് കൂടുതൽ സംതൃപ്തിദായകമായി മാറുന്നുണ്ടായിരിക്കും. അങ്ങനെ അത് ഒരു ആസക്തിയായി മാറുന്നു.

ഇപ്രകാരം ആവർത്തിക്കപ്പെടുന്ന ഒരു സ്വഭാവമോ പ്രവർത്തിയോ ദോഷകരവും ഹാനികരവും എന്ന് തോന്നിയാൽപ്പോലും പിന്നീട് അത് നിർത്തുവാൻ കഴിയാത്ത അവസ്ഥയായി തീരുന്നു. ഈ ആസക്തി കുടുംബബന്ധങ്ങളിലും ജീവിതാവസ്ഥകളിലും വലിയ തകർച്ച ഉണ്ടാക്കുകയും ചെയ്യുന്നു.

### ആസക്തിയുടെ കാരണങ്ങൾ

*"ഉള്ളിലുള്ള ശൂന്യത നീക്കുവാൻ 'അവിടെ' എന്തോ ഉണ്ട് എന്ന പ്രതീക്ഷയോടെയാണ് ആസക്തി ആരംഭിക്കുന്നത്"* - ജീൻ കീൽബോൺ

ആസക്തിയിൽ ഒരു വ്യക്തിയെ അടിമപ്പെടുത്തുന്നതിന് പിന്നിൽ നിരവധി ഘടകങ്ങളുണ്ട്. എന്നാൽ അവ എല്ലാം കൂടി ഒത്തുചേർന്ന് ഒരു വ്യക്തിയെ ആസക്തനാക്കുന്നത് എങ്ങനെ എന്നത് നമുക്ക് മനസ്സിലാക്കുവാൻ പ്രയാസമാണ്. ജീവശാസ്ത്രപരവും, മനഃശാസ്ത്രപരവും, സാമൂഹ്യ -സാംസ്കാരികപരവും ആത്മീയവുമായ നിരവധി ഘടകങ്ങൾ ഇവയെ സ്വാധീനിക്കുന്നുണ്ട്.

ഇതിൽ ജീവശാസ്ത്രപരമായ ഭാഗത്ത്, ഒരു വ്യക്തിയുടെ ശരീരശാസ്ത്രപരവും ജനിതകമായ സ്വാധീനവും കാണുവാൻ കഴിയുന്നു. ജനിതകമായ ചില ചാഞ്ചല്യങ്ങൾ പാരമ്പര്യത്തിൽ നിന്നും ലഭിക്കുന്നത് ഒരു വ്യക്തിയിൽ ആസക്തി വാസന വളർത്തുവാൻ സഹായിച്ചേക്കാം. ഏതെ



**ചിന്തകളും, വിശ്വാസങ്ങളും തോന്നലുകളും അയഥാർത്ഥപരവും പ്രവർത്തന വികലവുമാണെങ്കിൽ, ഒരു വ്യക്തിയുടെ വ്യക്തിത്വം മനഃശാത്രപരമായ ആസക്തിയിലേക്ക് നയിക്കപ്പെടുന്നതായി തീരും.**

ങ്കിലും ഒരു പദാർത്ഥത്തോടുള്ള താൽപര്യക്കൂടുതലോ കുറവോ ജനിതകമായ ചില ഘടകങ്ങളിൽ നിന്നാകാം ഒരു വ്യക്തിയിലേക്ക് പകരപ്പെടുന്നത്. ചില വ്യക്തികൾ ഒരു പദാർത്ഥത്തിന്റെ ഉപയോഗമോ, ഒരു പ്രവർത്തിയിൽ ഏർപ്പെടുന്നതോ വളരെ താൽപര്യം ഉള്ള അവസ്ഥയിലോ അതിനെ ചെറുക്കുവാൻ കഴിയാത്ത അവസ്ഥയിലോ ആയിരിക്കാം.

ആസക്തിയുടെ രോഗാതുര മാതൃക എന്നാൽ ഒരു സമാന്തര തലച്ചോറിന്റെ പ്രവർത്തനത്തിലൂടെ പൂർവാവസ്ഥയിലേക്ക് മടങ്ങുവാൻ കഴിയാത്ത ഒരു സാഹചര്യമാണ്. തലച്ചോറിന്റെ പ്രവർത്തനത്തിലെ ഈ മാറ്റം തികച്ചും വിപരീതമായ ഫലം ഉണ്ടാക്കുമ്പോഴും ആസക്തി വിട്ടുമാറുവാൻ കഴിയാത്ത അടിമത്വത്തിൽ ഒരു വ്യക്തിയെ ആക്കിത്തീർക്കുന്നു. ചിലരിൽ എത്ര ഇടവേളകൾ ഉണ്ടായാൽ പോലും ദീർഘമായി തുടരുന്ന അവസ്ഥയാണ് ആസക്തിക്കുള്ളത്.

ആസക്തി വളർത്തുന്നതിൽ വളരെ പ്രധാനപ്പെട്ട ഒരു സ്വാധീനമാണ് മനഃശാസ്ത്രപരമായ ഘടകങ്ങൾക്കുള്ളത്. ജീവിതത്തിലെ പ്രവർത്തികളെ നിയന്ത്രിക്കുകയും ജീവിത സംതൃപ്തി കുറയ്ക്കുകയും ചെയ്യുന്ന ആസക്തി പോലുള്ള പെരുമാറ്റങ്ങളെ ദോഷകരമായ പെരുമാറ്റങ്ങൾ എന്നാണ് വിളിക്കുന്നത്. ദോഷകരമായ ചിന്തയും പെരുമാറ്റശൈലിയും ഉടലെടുക്കുന്നതിനെ കുറിച്ചുള്ള പഠനം അപ്രകാരമുള്ള ആസക്തികളുടെ കാരണങ്ങളെ കുറിച്ച് നമുക്ക് വിശദീകരണം തരുന്നു. മാനസിക വികലത അഥവാ 'മാനസിക രോഗങ്ങൾ' ആയിരിക്കാം ആസക്തിയുടെ മനഃശാസ്ത്രപരമായ കാരണങ്ങൾക്ക് പിന്നിലുള്ളത്. രണ്ടാമതായി, ചിന്തകളും വിശ്വാസങ്ങളും വൈകാരിക പ്രതികരണങ്ങളും ആയിരിക്കാം ചില സ്വഭാവരീതികളെ തിരുമാനിക്കുന്നത്. ചിന്തകളും, വിശ്വാസങ്ങളും തോന്നലുകളും അയഥാർത്ഥപരവും പ്രവർത്തന വികലവുമാണെങ്കിൽ, ഒരു വ്യക്തിയുടെ വ്യക്തിത്വം മനഃശാത്രപരമായ ആസക്തിയിലേക്ക് നയിക്കപ്പെടുന്നതായി തീരും. മൂന്നാമതായി, ചില പ്രത്യേക ജീവിതസാഹചര്യങ്ങളോടുള്ള ബന്ധത്തിലുള്ള മാനസിക പ്രതികരണങ്ങളാകാം ചിലരെ ചില ആസക്തികളിൽ എത്തിക്കുന്നത്.

സാമൂഹിക സാംസ്കാരിക മാതൃക നോക്കുമ്പോൾ, ഒരു സമൂഹത്തിന്റെ സാംസ്കാരികമായ ദോഷവശങ്ങൾ ആസക്തിയിലേക്ക് ഒരാളെ നയിക്കുന്നു എന്ന് കാണുവാൻ കഴിയും. ഒരുതരം സാമൂഹിക വ്യവസ്ഥയിൽ ജീവിക്കുന്ന ഒരു വ്യക്തി പ്രസ്തുത വ്യവസ്ഥയുമായി സംതുലനം കാക്കുന്നത് സ്വാഭാവികമാണ്. പക്ഷെ, ആ സംവിധാനം അഥവാ വ്യവസ്ഥ ദോഷകരമാണെങ്കിൽ, അത് ദോഷകരമായ സ്വഭാവമുള്ളതാക്കി വ്യക്തികളെ തീർക്കുന്നു. ഇത്തരം ദോഷകരമായ ഒരു സംവിധാനമാണ് ഉള്ളതെങ്കിൽ ഒരു സമൂഹം അതിന്റെ അംഗങ്ങളായ പലരേയും ആ സാമൂഹ്യവസ്ഥയ്ക്ക് അടിമകളും ആസക്തരുമാക്കി മാറ്റും.

ആസക്തിയുടെ പിന്നിലെ ആത്മീയമായ കാരണങ്ങൾ വളരെ ഗൗരവമേറിയതതാണ്. ദൈവവുമായി ബന്ധമില്ലാത്ത അവസ്ഥ മറ്റു ചിലതിലേക്ക് മനുഷ്യനെ ബന്ധിപ്പിക്കും. ചില വിശ്വാസങ്ങളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ, ശരിയായ ധാർമ്മികത വെച്ചുപുലർത്തുവാൻ മനുഷ്യന് കഴിയും. അത് നഷ്ടമാകുന്നിടത്താണ് ദോഷകരമായ ആസക്തി സംഭവിക്കുന്നത്.

## ആസക്തി-വിധങ്ങൾ

*"ഏതിലെങ്കിലുമുള്ള അമിതമായ അടുപ്പവും നിരന്തര ഉപയോഗവും അത് വെള്ളം പോലെ വിശുദ്ധമാണെങ്കിൽ പോലും ലഹരിയുണ്ടാക്കുന്നതാണ്."* – ക്രിസ് ജാമി

## ആസക്തിയുണ്ടാക്കുന്ന വസ്തുക്കളുടെ പട്ടിക

| | |
|---|---|
| മദ്യം | പുകയില |
| ഹെറോയിൻ പോലുള്ള മയക്കുമരുന്നുകൾ | സാധാരണ മരുന്നുകൾ |
| കൊക്കൈയിൻ | കനാബിസ് |
| ആംഫെറ്റാമൈൻ | ഹലുസിനോജൻസ് |
| ഇൻഹേലിയേർസ് | ഫെൻസൈക്ലിഡൈൻ |
| മറ്റു പദാർത്ഥങ്ങൾ | |

## അനിയന്ത്രിത വൈകല്യങ്ങൾ

| | |
|---|---|
| ഇന്റർമിറ്റന്റ് എക്സ്പ്ലോസീവ് ഡിസോർഡർ | ക്ലെപ്റ്റോമാനിയ |
| പൈറോമാനിയ | ചൂതുകളി |

## സ്വഭാവപരമായ ആസക്തികൾ

ആസക്തികളിൽ ഒരു പ്രത്യേകതരമാണ് സ്വഭാവപരമായ ആസക്തി. അവയിൽ ചിലതാണ് താഴെ പറയുന്നത്

ഭക്ഷണം

ലൈംഗികത

അശ്ലീല വീഡിയോ/സാഹിത്യം

കംപ്യൂട്ടർ/ഇന്റർനെറ്റ്

വീഡിയോ ഗെയിമുകൾ

ജോലി

ശാരീകാഭ്യാസങ്ങൾ

അമിത ആത്മീയത

വേദനാസക്തി

ഷോപ്പിംഗ്

## ഉപസംഹാരം

ഒരു വ്യക്തി തുടങ്ങി സമൂഹം വരെ നേരിടുന്ന വലിയ വിപത്തും അതിനുള്ള പ്രതിവിധികളുമാണ് ആസക്തി എന്ന വിഷയം നാം കൈകാര്യം ചെയ്യുമ്പോൾ നമുക്ക് ലഭിക്കുന്നത്. പുറമേയും ആന്തരികമായും മനുഷ്യരിൽ തുടരുന്ന ആസക്തി സ്വഭാവങ്ങൾ എണ്ണമറ്റ മനുഷ്യജീവിതങ്ങളെയാണ് അടിമത്വത്തിലാഴ്ത്തിയിരിക്കുന്നത്. നിഷ്ക്കളങ്കമെന്ന രീതിയിൽ ആരംഭിച്ച് ഒടുവിൽ വലിയ അപകടത്തിലെത്തിക്കുന്ന ആസക്തിയെക്കുറിച്ച് അതിനെതിരെ ജാഗരൂകരായിരിക്കേണ്ടത് സമൂഹത്തിന്റെ നിലനിൽപ്പിന് വളരെ അത്യന്താപേക്ഷിതമാണ്. അർത്ഥപൂർണ്ണവും ഫലകരവുമായ ജീവിതം നയിക്കുവാൻ മനുഷ്യരെ ശക്തമാക്കുന്ന വിവിധ ബോധവൽക്കരണ മാർഗ്ഗങ്ങൾ സമൂഹവും സഭയും ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്. ●



**ഒരു ഉപയോഗമോ പ്രവർത്തിയോ സന്തോഷകരമായി തോന്നി തുടരുന്നതാണ് ആസക്തി. ഒരു പദാർത്ഥ ഉപയോഗമോ, ഒരു പ്രവർത്തിയോ തുടക്കത്തിൽ സന്തോഷപ്രദമോ വിലയേറിയതോ ആയി തോന്നുന്നതിനാലാണ് ഒരു വ്യക്തി അത് ഉപയോഗിച്ചോ ചെയ്തോ തുടങ്ങുന്നത്.**



# ആസക്തിയുള്ളവരെ തിരിച്ചറിയുന്ന വിധം



ഡോ. സജികുമാർ കെ. പി.
Ph.D., IBTS, അരീപ്പറമ്പ്, കോട്ടയം

## ലഹരിവസ്തു

**തുടർച്ചയായി ഉപയോഗിക്കുമ്പോൾ അതിന്റെ ഫലമായി സാമൂഹികമായും വ്യക്തിബന്ധങ്ങൾ തമ്മിലും പ്രശ്നങ്ങൾ ഉണ്ടാകുന്നു. ലഹരിയുടെ ഉന്മത്തതയിൽ ജീവിത പങ്കാളിയുമായി വാഗ്വാദം നടത്തുകയും പരസ്പരം വഴക്കുണ്ടാക്കുകയും ചെയ്യും.**

**മരുന്നുകൾ** ജീവൻ രക്ഷിക്കുന്നതിനുള്ളതാണ്. എന്നാൽ മനുഷ്യചരിത്രത്തിൽ നൂറ്റാണ്ടുകളായി ഇതിനെ ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയും ഇത് തുടർച്ചയായി ജനങ്ങളെയും സമൂഹത്തെയും നശിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യചരിത്രത്തിന്റെ ആരംഭം മുതൽ തന്നെ, തങ്ങളെ ഉദ്ധരിക്കുന്നതിനും സംരക്ഷിക്കുന്നതിനും അതുപോലെ ഞരമ്പുകളിൽ സന്തോഷകരമായ അനുഭുതികൾ ഉളവാക്കുന്നതിനും ആവശ്യമായ വസ്തുതകളെപ്പറ്റി മനുഷ്യർ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. വ്യക്തികൾ ഇങ്ങനെയുള്ള മരുന്നുകളിലേക്ക് ആകർഷിക്കപ്പെടാൻ കാരണം, ഈ മരുന്നുകൾ തങ്ങളെ എല്ലായ്പ്പോഴും ഊർജ്ജം പകരുന്ന പരിതസ്ഥിതിക്ക് അനുരൂപരാക്കുന്നുവെന്നും മരുന്ന് ഉപയോഗിക്കുന്നതുമൂലം ടെൻഷനും ആകുലതയും പരിഹരിക്കപ്പെടുമെന്നും ഉള്ള വിശ്വാസം മൂലവും, മറ്റു ചിലരുടെ കാര്യത്തിൽ അവർ തങ്ങളുടേതായ ലോകത്തിൽ അനുഭവിക്കുന്ന കഠിനമായ ചില യാഥാർത്ഥ്യങ്ങൾ മറയ്ക്കുന്നതിനും അതിൽ നിന്ന് ഒളിച്ചോടുന്നതിനും സഹായിക്കുന്ന ഒരു ഉപാധിയായി കാണുന്നത് കൊണ്ടുമാണ്. ആസക്തി അത് ദുരുപയോഗിക്കുന്ന ആളിനെ മാത്രമല്ല മുഴുസമൂഹത്തെയും ബാധിക്കുന്നതാണ്. വസ്തു ദുരുപയോഗം അതിന് അടിമപ്പെട്ടവരിലേക്ക്, ഉച്ചസ്ഥായിയിലുള്ള വികാരപ്രകടനം, ബന്ധങ്ങളിലുള്ള പ്രശ്നങ്ങൾ ആത്മീകമായ പല പ്രശ്നങ്ങൾ എന്നിവ കൊണ്ടുവരുന്നു. അവരിൽ പലർക്കും തള്ളപ്പെടൽ, ഒറ്റപ്പെടൽ, ലജ്ജ, വിഷാദം, വെറുപ്പ്, ദേഷ്യം എന്നിവ അനുഭവപ്പെടുന്നു. ആസക്തികൾക്കടിമപ്പെട്ടവർ ജോലിയിലും ഭവനത്തിലും സഭയിലുമുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റപ്പെടാൻ കഴിയാതെ പരാജിതരായിത്തീരുന്നു. ഇത് ജോലിയിലെ മോശം പ്രകടനത്തിലേക്കും അവന്റെ/അവളുടെ ജീവിതത്തിലെ സസ്പെൻഷനിലേക്കും കുട്ടികളെ അഥവാ വീട്ടിലുള്ളവരെ തിരസ്കരിക്കുന്നതിലേക്കും അവരെ കൊണ്ടെത്തിക്കും. ലഹരിവസ്തു തുടർച്ചയായി ഉപയോഗിക്കുമ്പോൾ അതിന്റെ ഫലമായി സാമൂഹികമായും വ്യക്തിബന്ധങ്ങൾ തമ്മിലും പ്രശ്നങ്ങൾ ഉണ്ടാകുന്നു. ലഹരിയുടെ ഉന്മത്തതയിൽ ജീവിത പങ്കാളിയുമായി വാഗ്വാദം നടത്തുകയും പരസ്പരം വഴക്കുണ്ടാക്കുകയും ചെയ്യും. ലഹരി മരുന്നിനുവേണ്ടിയുള്ള ചെറുത്തു നിർത്താനാവാത്ത ഒരു മാനസിക അഭിവാഞ്ച അഥവാ നിർബന്ധം അഥവാ പ്രേരണ ഒരു വ്യക്തിയെ ഭിക്ഷയാചിക്കുന്നതിനും കടം ചോദിക്കുന്നതിനും മോഷ്ടിക്കുന്നതിനും തട്ടിയെടുക്കുന്നതിനും തന്റെ ആവശ്യം പരിഗണിക്കാത്തവരെ കൊല്ലുന്നതിലേക്കുവരെയും നയിക്കുന്നു. ഈ ശീലം സ്ഥിരമായിക്കഴിയുമ്പോൾ അവർക്കു സാധാരണ അവസ്ഥ അനുഭവമാക്കുവാൻ ലഹരിമരുന്ന് കഴിച്ചേ മതിയാകു എന്നുള്ള മനഃശാസ്ത്രപരമായ ആശ്രയത്തിന്റേതായ ഒരു അവസ്ഥയിലേക്ക് മാറ്റപ്പെടും. ആസക്തിയുള്ള ഒരു വ്യക്തിയെ തിരിച്ചറിയുവാനുള്ള ചില മാർഗ്ഗങ്ങൾ താഴെ പറയുന്നു:

### ശാരീരിക അവസ്ഥയിലുള്ള മാറ്റം

ആസക്തിയുടെ ആദ്യത്തെ അടയാളം അതിന്റെ ശാരീരിക ലക്ഷണങ്ങളാണ്. അവ്യക്തമായ സംസാരം അഥവാ വാക്കുകൾ കൂടുതൽ ഊന്നിപ്പറയുകയും സംസാരിക്കുമ്പോൾ വിറയൽ അനുഭവപ്പെടുക എന്നതും മദ്യപാനികളിൽ സാധാരണമാണ്. അവരുടെ കണ്ണുകൾ എപ്പോഴും

## അനേക യുവാക്കളും

**ഇന്ന് തങ്ങളുടെ മദ്യപാനം മൂലം സ്കൂളുകളിൽ നിന്നും സാമൂഹ്യ കൂട്ടായ്മകളിൽ നിന്നും പുറത്താക്കപ്പെടുന്നുണ്ട്. മദ്യപാനികൾ തങ്ങളുടെ മദ്യപാനം തുടരുന്നതിനുള്ള പണത്തിന്റെ ആവശ്യം നിറവേറ്റുന്നതിനായി മോഷണം, കള്ളക്കടത്ത്, കള്ളം പറച്ചിൽ, യാതൊരു കുറ്റബോധവുമില്ലാതെ തട്ടിപ്പ് നടത്തുക മുതലായ പല സാമൂഹ്യ ദ്രോഹപരമായ കാര്യങ്ങളും ചെയ്യും.**

ചുവന്നും വെള്ളം നിറഞ്ഞുമിരിക്കും. ഒന്നിലും കേന്ദ്രീകരിക്കാത്ത അവസ്ഥ അഥവാ അലക്ഷ്യമായ നോട്ടം, മദ്യം കഴിച്ചതിനെ മറയ്ക്കുന്നതിനായി സാധാരണ അസുഖങ്ങളെപ്പറ്റി പരാതി പറയുക. മധുരം കഴിക്കാനുള്ള ആർത്തി, രാത്രിയിൽ ഛർദ്ദിക്കുക, മദ്യം കഴിക്കുന്നതിനായി രാത്രിയിൽ എഴുന്നേൽക്കുക തുടങ്ങിയവയും ഉണ്ടായിരിക്കും. അതുപോലെ അവരുടെ ഭക്ഷണശീലവും വളരെ ക്രമം തെറ്റിയതായിരിക്കും. അവർ തങ്ങളുടെ കുടുംബാംഗങ്ങളോടു കൂടെയിരുന്നു ഭക്ഷണം കഴിക്കുന്നത് ഒഴിവാക്കും. അവർ സാധാരണയായി കുറച്ച് ഭക്ഷിക്കുകയും മറ്റു ചിലപ്പോൾ ധാരാളം ഭക്ഷിക്കുകയും ചെയ്യും. എന്നാൽ മലബന്ധത്താൽ ബുദ്ധിമുട്ടനുഭവിക്കും. മദ്യവും ലഹരി മരുന്നുകളും ശരീരത്തിന്റെ എല്ലാ ഭാഗത്തിനും കേടു വരുത്തുകയും അതിന്റെ ശരിയായ പ്രവർത്തനത്തെ കുറയ്ക്കുകയും ചെയ്യും. ലഹരി കഴിക്കുന്നത് ദഹനത്തെ ത്വരിതപ്പെടുത്തുകയും അത് ആരംഭത്തിൽ മലബന്ധം ഉണ്ടാക്കുകയും ചെയ്യും. എന്നാൽ ഇത് ശീലമാകുകയും ദീർഘകാലം ഉപയോഗിക്കുകയും ചെയ്യുന്നവർക്ക് വിശപ്പില്ലായ്മയ്ക്കും ആമാശയത്തിന്റെ പ്രവർത്തനങ്ങൾ താറുമാറാകുന്നതിനും ഇത് കാരണമാകും.

മദ്യം കഴിച്ചവർക്ക് സമയത്തെക്കുറിച്ചും വ്യക്തിത്വത്തെക്കുറിച്ചുമുള്ള അവബോധം നഷ്ടപ്പെടുകയും അവൾ/അവൻ അനേകം മണിക്കൂറുകൾ ഒരുമിച്ച് ജീവിതത്തിൽ സന്തോഷം അനുഭവിച്ചതായി അവർക്ക് അനുഭവപ്പെടുകയും ചെയ്യും. എങ്കിലും യഥാർത്ഥത്തിൽ ഈ സന്തോഷം ചില മിനിട്ടുകൾ മാത്രമുള്ളതായിരിക്കും. മദ്യം തുടർന്നും കഴിക്കുകയാണെങ്കിൽ അത് ഉന്മത്തതക്കും സ്വയനിയന്ത്രണം നഷ്ടപ്പെടുന്ന അവസ്ഥയ്ക്കും കാരണമാകും.

ചെറിയ വിഷയങ്ങളെക്കുറിച്ചും വളരെ വാചാലമായി സംസാരിക്കുകയും രസിക്കുകയും ചെയ്യുകയും ചെറിയ കാര്യങ്ങൾ ചെയ്യുമ്പോഴും വളരെ ചിരിക്കുകയും ചെയ്യും. ഉന്മത്താവസ്ഥ സാധാരണയായി ശബ്ദത്തിലും അസ്വസ്ഥതയുള്ളതുമായിരിക്കും. അതോടുകൂടി ശാരീരിക ക്ഷമതയുടെ ഉത്സാഹവും കൂടിച്ചേരുമ്പോൾ അത് സന്തോഷപ്രദവും കാമപരമായതുമായ സ്വപ്നത്തോടുകൂടിയുള്ള ഉറക്കത്തിലേക്ക് നയിക്കുകയും ചെയ്യും. ദീർഘകാലവും തുടർച്ചയായുമുള്ള ലഹരി ഉപയോഗം കോമയിലേക്കും ഹൃദയസംബന്ധമായ അസുഖം മൂലമുള്ള മരണത്തിലേക്കും നയിക്കും. തുടക്കക്കാർക്ക് ഇത് ഉപയോഗിക്കുന്നതിന്റെ ഫലമായി മാനസീകാവസ്ഥ താറുമാറാകുന്നതിനും മിക്കപ്പോഴും ഉന്മാദ അവസ്ഥയിലായിത്തീരൂന്നതിനും ഇടയാകും.

ആൽക്കഹോൾ കഴിക്കുമ്പോൾ ആമാശയത്തിൽ ഗ്യാസ് ഉല്പാദിപ്പിക്കപ്പെടുകയും അതുമൂലം വയർ വീർക്കുകയും അസ്വസ്ഥതകൾ ഉണ്ടാകുകയും ചെയ്യും. ആഹാരം ദഹിപ്പിക്കുന്നതിനും അതിലെ വിറ്റാമിനുകൾ ശരീരത്തിലേക്ക് ആഗിരണം ചെയ്യുന്നതിനുമുള്ള പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു എന്നതിന്റെ ലക്ഷണമാണ് ഇത്. സ്ഥിരമായി മദ്യപിക്കുന്നവർക്ക് ഇതുമൂലം അപപോഷണം സംഭവിക്കുകയും മദ്യപാന സംബന്ധമായ ചില രോഗങ്ങൾ ഉണ്ടാകുന്നതിനും ഇടയാകും. തുടർച്ചയായ ആൽക്കഹോൾ ഉപയോഗം മൂലം ആമാശയ ഭിത്തികളിൽ പരുക്കൾ ഉണ്ടാവുകയും അത് ആമാശയത്തിൽ വായു കെട്ടുന്നതുമൂലമുള്ള നെഞ്ചിരിച്ചിലും വിശപ്പില്ലായ്മയും അരുചിയും വയറുവേദയും ഉണ്ടാകുന്നതിന് കാരണമാകുകയും ചെയ്യും.

തലച്ചോറിൽ നിന്നുള്ള നിർദ്ദേശങ്ങൾ ശരീരപേശികളിൽ പ്രേരണാ സന്ദേശങ്ങളായി എത്തിക്കാൻ സഹായിക്കുന്നതും നാഡീ തന്തുക്കളിൽ നിന്ന് സ്രവിക്കുന്നതുമായ ഒരു രാസവസ്തുവിന്റെ പ്രവർത്തനം ശരീരത്തിൽ നടക്കുന്നുണ്ട്. അതിനെ ന്യൂറോട്രാൻസ്മിറ്റർ എന്നാണ് വിളിക്കപ്പെടുന്നത്. സ്ഥിരമായുള്ള മദ്യപാനം ഇതിന്റെ പ്രവർത്തനത്തിന് ക്ഷതമേൽപ്പിക്കുകയും തലച്ചോറിലെ കോശങ്ങൾ ബലഹീനമാകുകയും തന്മൂലം മാംസപേശികളുടെ ചലനത്തെയും അത് ബാധിക്കും. മാംസപേശികൾക്ക് ദൃഢതയില്ലാതാവുകയും തൊലി വരളുകയും ചുവക്കുകയും മിനുസമുള്ളതായിത്തീരുകയും കയ്യിലും കാലിലും വളരെയധികമായി വിയർപ്പുണ്ടാകുകയും ചെയ്യും. മദ്യം മാംസപേശികളിലെ കോശങ്ങൾക്ക് കേടുവരുത്തുകയും അതിന്റെ ഫലമായി മാംസപേശികൾക്ക്-പ്രത്യേകിച്ച് കൈകാലുകളിലെ മാംസപേശികൾക്ക് നിരന്തരമായ പേശിവേദനയും ബലഹീനതയും ഉണ്ടാക്കും. ഇങ്ങനെ ബലഹീനത സംഭവിച്ച മാംസപേശികൾ കാലക്രമേണ വീർക്കുകയും വ്രണങ്ങൾ ഉണ്ടാവുകയും ചെയ്യും.

ലഹരിമരുന്നിന്റെ ദുരുപയോഗം കാൻസറിന് കാരണമാകുന്നു എന്നുള്ളത് തർക്കമറ്റ സംഗതിയാണ്. ഇതിന്റെ അമിത ഉപയോഗം അപകടസാധ്യത ഉയർത്തുകയും നാവ്, വായ്, അന്നനാളം, കരൾ എന്നിവിടങ്ങളിൽ കാൻസർ ഉണ്ടാകുന്നതിനും ഇടയാകുന്നു. ആൽക്കഹോളും തമ്പാക്കും ഒരുമിച്ച് ഉപയോഗിക്കുമ്പോൾ അത് കാൻസറിനുള്ള സാധ്യത വളരെ കൂട്ടുന്നു.

### മനഃശാസ്ത്രപരമായ ലക്ഷണങ്ങൾ

**കുറ്റബോധം** : അരുതാത്തത് ചെയ്തുപോയി എന്ന് വ്യക്തിപരമായി ഉത്തരവാദിത്വം ഏറ്റെടുക്കുന്ന അനുഭവത്തെയാണ് കുറ്റബോധം എന്നു പറയുന്നത്. 'ചെയ്യരുതാത്ത കാര്യം ഞാൻ ചെയ്തുപോയി' എന്നുള്ള സ്വയം കുറ്റപ്പെടുത്തലിന്റെ അനുഭവമാണ് കുറ്റബോധം. ഒരു മദ്യപാനിക്ക് അവൻ/അവൾ കുറ്റക്കാരനാണെന്ന് ബോധ്യപ്പെടുത്തുന്ന വിധത്തിലുള്ള കുറ്റബോധം



**ചില മരുന്നുകൾ ഉപയോഗിക്കുന്നവർ തങ്ങൾക്ക് പറക്കാൻ കഴിയുമെന്നും അമാനുഷിക കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നും സങ്കല്പിക്കുകയും അത് അവരെ ബഹുനില കെട്ടിടങ്ങളിൽ നിന്ന് താഴേക്ക് ചാടിയും മറ്റും മരിക്കുന്നതിനും ഇടയാകുന്നു.**

ഉണ്ടാകുന്നത് ഈ മദ്യപാനം അവന്റെ / അവളുടെ സ്വയം അടിച്ചേൽപ്പിക്കലായിരിക്കുന്നതു കൊണ്ടാണ്. മദ്യപാനികൾ കുടുംബത്തിൽ നിന്നും കൂട്ടുകാരിൽ നിന്നും ദൈവത്തിൽ നിന്നു തന്നെയും അകന്നുനിൽക്കും. കാരണം അവർക്കുതന്നെ അറിയാം തങ്ങൾ മദ്യം ഉപയോഗിക്കുന്നത് സമൂഹത്തിനും കുടുംബത്തിനും ദൈവത്തിനും അംഗീകരിക്കാൻ പറ്റാത്തതാണെന്ന്. എങ്കിലും അവർ അത് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

**ദേഷ്യം** : ദേഷ്യം എന്നത് വൈകാരികമായ ഒരു അവസ്ഥയാണ്. എല്ലാവർക്കും അനുഭവപ്പെടുന്നതാണ്. എന്നാൽ അർത്ഥം തിട്ടപ്പെടുത്താൻ ബുദ്ധിമുട്ടുള്ളതാണ്. ഇത് സംഭവിക്കുന്നത് പല രൂപത്തിലാണ്. ചെറിയ മുഷിച്ചിലിൽ നിന്നോ അക്രമചിന്തയിൽ നിന്നോ കഠിനമായ ഉപദ്രവത്തിന്റെ തലത്തിലേക്ക് അഥവാ ആക്രമപരമായ അമർഷത്തിലേക്കുവരെ എത്തുന്നതുമാകാം. ദേഷ്യത്തിലേക്ക് നയിക്കുന്ന കാരണങ്ങൾ വിഷാദം, അപകടങ്ങൾ, രോഗങ്ങൾ, വ്യക്തിജീവിതത്തിലെ ടെൻഷൻ ഇവയൊക്കെയാകാം. മദ്യപന്മാർ തങ്ങൾക്ക് മദ്യം കഴിക്കണമെന്ന ആഗ്രഹം തോന്നുമ്പോഴൊക്കെ അത് ലഭിച്ചില്ലെങ്കിൽ അവർ പെട്ടെന്നുതന്നെ ദേഷ്യപ്പെടാറുണ്ട്. ഇങ്ങനെയുള്ള ദേഷ്യം സാധാരണയായി കുടുംബത്തിനും കൂട്ടുകാർക്കും സമൂഹത്തിനും നേരെയാണ് പ്രകടിപ്പിക്കാറുള്ളത്.

### ഒറ്റപ്പെടുത്തപ്പെടലും ഏകാന്തതയും

മദ്യപാനികളിൽ കണ്ടുവരുന്ന ഏറ്റവും വലിയ ഒരു പ്രശ്നമാണ്, തങ്ങളുടെ സ്വന്തം കുട്ടികളാലും തങ്ങളുടെ സ്വന്തം സഭയിലെ അംഗങ്ങളാലും തങ്ങൾ തള്ളപ്പെട്ടിരിക്കുന്നു എന്നും അതിനാൽ തങ്ങൾ ഒറ്റയ്ക്കാണ് എന്ന തോന്നലുണ്ടാവുക എന്നത്. എല്ലാവരുമായും ഒരുമിച്ചുകൂടുവാൻ അവർ ആഗ്രഹിക്കുന്നു. എന്നാൽ ചുറ്റുപാടുകളും അവരിലുള്ള തോന്നലുകളും ഒറ്റയ്ക്കായിരിക്കുവാൻ അവരെ സമ്മർദ്ദം ചെലുത്തുന്നു. ഈ സ്വഭാവം അവരെ ശുണ്ഠിയുള്ളവരാക്കുകയും ചിലപ്പോൾ അത് വിഷാദത്തിലേക്കോ അഥവാ സമൂഹത്തിനെതിരായി ചിന്തിക്കുന്ന വിധത്തിലുള്ള ഒരു മനോഭാവത്തിലേക്കോ നയിക്കും. തിരസ്ക്കരിക്കപ്പെടുന്നു എന്ന തോന്നൽ അവരിൽ ശക്തമായിരിക്കും.

### വിഷാദം

വിഷാദം എന്നത് ദീർഘകാലമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ദുഃഖത്തിന്റെയും നിരാശയുടെയും 'കാര്യങ്ങളുടെ ഉച്ചസ്ഥായിയിൽ എത്തിപ്പെടാനുള്ള' കഴിവില്ലായ്മയുടെയും അവസ്ഥയാണ്. വിഷാദം എന്നത് സാധാരണയായി, സാർവ്വത്രികമായി കാണുന്ന അവസ്ഥയാണ്. അതായത്, വിവിധ ലക്ഷണങ്ങളിലും പാരമ്പര്യമായിട്ടുണ്ടായതും തുടക്കവും തുടർച്ചയായുള്ളതും ആയതുമായി ജനങ്ങളിൽ വലിയൊരു ഭാഗത്തിനും ഈ അവസ്ഥയുണ്ട്. എന്നാൽ വിഷാദത്തിലേക്കു നയിക്കുന്നവരിൽ വലിയൊരു പങ്കും മദ്യപാനികളെന്നാണ് ഗവേഷകർ അഭിപ്രായപ്പെട്ടിരിക്കുന്നത്. മദ്യം ഉപയോഗിക്കാത്തവരേക്കാൾ വളരെ മടങ്ങ് മദ്യം ഉപയോഗിക്കുന്നവരാണ് വിഷാദരോഗികളായിരിക്കുന്നതെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

### സ്വഭാവത്തിലും ജീവിതരീതിയിലും വരുന്ന വ്യത്യാസങ്ങൾ

മദ്യപാനികളിൽ പ്രതീക്ഷിക്കാത്ത സമയത്ത് സ്വഭാവത്തിലും മനോഭാവത്തിലും വ്യത്യാസം ഉണ്ടാകുന്നത് സാധാരണയാണ്. അവർക്ക് മനസ്സിൽ എപ്പോഴും ചാഞ്ചല്യവും സുഹൃത്തുക്കളോടുള്ള മനോഭാവത്തിന് എല്ലായ്പ്പോഴും വ്യത്യാസവും ഉണ്ടായിരിക്കുകയും ആത്മിക കാര്യങ്ങളിലുള്ള താൽപര്യം നഷ്ടപ്പെടുകയും ചെയ്യും. മദ്യവ്യവസായം സമൂഹത്തിലേക്ക് കൊണ്ടുവരുന്ന അക്രമങ്ങളും കുറ്റകൃത്യങ്ങളും ഭയപ്പെടുത്തുന്നവയും അതിന്റെ സ്വാധീനം പരിഭ്രമജനകവുമാണ്. പല മദ്യപാനികളും തങ്ങൾക്ക് പറക്കാൻ കഴിയും എന്നും അമാനുഷികമായ കാര്യങ്ങൾ ചെയ്യാൻ ശക്തിയുണ്ടെന്നും സങ്കൽപ്പിക്കുന്നു. ലൈസേർജിക് ആസിഡ് ഡൈതലാമൈഡ് (LSD) പോലുള്ള മരുന്നുകൾ വിഭ്രാന്തി ഉളവാക്കുകയും LSD ഉപഭോക്താക്കൾ കെട്ടിടത്തിന്റെ മുകൾ നിലകളിൽ നിന്നും മറ്റും എടുത്തുചാടുന്നതുമൂലം മരണം സംഭവിക്കാറുമുണ്ട്. അടുത്ത കാലത്ത് നടന്ന പല ആത്മഹത്യകളും ഇതുപോലെയുള്ള മരുന്നുകൾ കഴിച്ചതിന്റെ പരിണിതഫലങ്ങളായിരുന്നു.

ആൾക്കഹോൾ മദ്യപാനികളെ അക്രമ സ്വഭാവമുള്ളവരാക്കുകയും അതിന്റെ ഫലമായി അക്രമങ്ങളും കുറ്റകൃത്യങ്ങളും ഉണ്ടാകുകയും ചെയ്യുന്നു. മദ്യപാനി സമൂഹത്തിനു നേരെ പ്രതികാര മനോഭാവമുള്ളവനായിത്തീരുകയും സാധാരണ ജീവിതത്തിൽ നിന്ന് പിൻവലിയുകയും ചെയ്യും എന്നുള്ളത് സാധാരണമാണ്. അനേക യുവാക്കളും ഇന്ന് തങ്ങളുടെ മദ്യപാനം മൂലം സ്കൂളുകളിൽ നിന്നും സാമൂഹ്യ കൂട്ടായ്മകളിൽ നിന്നും പുറത്താക്കപ്പെടുന്നുണ്ട്. മദ്യപാനികൾ തങ്ങളുടെ മദ്യപാനം തുടരുന്നതിനുള്ള പണത്തിന്റെ ആവശ്യം നിറവേറ്റുന്നതിനായി മോഷണം, കള്ളക്കടത്ത്, കള്ളം പറച്ചിൽ, യാതൊരു കുറ്റബോധവുമില്ലാതെ തട്ടിപ്പ് നടത്തുക മുതലായ പല സാമൂഹ്യ ദ്രോഹപരമായ കാര്യങ്ങളും ചെയ്യും. റോഡ് അപകടങ്ങളിൽ നല്ലൊരു പങ്കും മദ്യപിച്ച് വാഹനം ഓടിക്കുന്നതിനാൽ സംഭവിക്കുന്നതാണ്.

വിഭ്രാന്താനുഭവങ്ങൾ ഉണ്ടാക്കുന്ന തരം മരുന്നുകൾ ആളുകളിൽ വിഭ്രാന്തിയുളവാക്കുന്നു. ചില മരുന്നുകൾ ഉപയോഗിക്കുന്നവർ തങ്ങൾക്ക് പറക്കാൻ കഴിയുമെന്നും അമാനുഷിക കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നും സങ്കല്പിക്കുകയും അത് അവരെ ബഹുനില കെട്ടിടങ്ങളിൽ നിന്ന് താഴേക്ക് ചാടിയും മറ്റും മരിക്കുന്നതിനും ഇടയാക്കുന്നു. ആഫെന്റമിൻ, വേഗതയും ചുണയും വർദ്ധിപ്പിക്കുന്നതിനുള്ള ഗുളികകൾ (ഉത്തേജക മരുന്നുകൾ), കൊക്കെയ്ൻ (കറുപ്പ്), മുതലായ മരുന്നുകളുടെ ഉപയോഗം ഉപഭോക്താവിനെ അക്രമാസക്തനാക്കുകയും അതിന്റെ ഫലമായി പല തെറ്റുകളിൽ ഏർപ്പെടുകയും ചെയ്യും. മദ്യാസക്തർ സാധാരണയായി പെട്ടെന്നുതന്നെ ദേഷ്യപ്പെടുകയും വളരെ നിഷ്പ്രയാസം തങ്ങളുടെ ജീവിതത്തെ അലങ്കോലപ്പെടുത്തുകയും ചെയ്യും. ചിലപ്പോൾ ഒരു ചെറിയ മദ്യപാനം പോലും ആന്തരാവയവങ്ങളിൽ ക്ഷതമേൽപ്പിക്കുന്നതിന് ഇടയാക്കും.



## ചില ആസക്തർക്ക്

**മദ്യം ലഭിക്കാതിരിക്കുമ്പോൾ അതിന്റെ ഫലമായി അവരുടെ ഹൃദയമിടിപ്പ് ഉയരുകയും ശരീരം എപ്പോഴും വിയർത്തുകൊണ്ടിരിക്കുകയും ചെയ്യും. അവർക്ക് നെഞ്ചിന് മുറുക്കവും ശ്വാസതടസ്സവും അനുഭവപ്പെടും. കൂടാതെ അസ്വസ്ഥത, ഈർഷ്യ, ദേഷ്യം, വിറയൽ, അപസ്മാരം, വിഭ്രാന്തി, ചിത്തഭ്രമം എന്നിവയും അനുഭവപ്പെടാം.**

### മയക്കുമരുന്നുകൾ ലഭിക്കാതെ വരുമ്പോൾ ഉപഭോക്താവിനുണ്ടാകുന്ന അസ്വസ്ഥ ലക്ഷണങ്ങൾ

മദ്യത്തിന് അടിമപ്പെട്ടവർക്ക് അത് ലഭിക്കാതെ വരുമ്പോൾ പലവിധമായ അസ്വസ്ഥതകളും ഉണ്ടാകാറുണ്ട്. ശരീരത്തിൽ മദ്യം ഇല്ലാതിരിക്കുകയും അത് തലച്ചോറിനെ ബാധിക്കുകയും ചെയ്യുമ്പോഴാണ് ഇതിനെതിരായി അസ്വസ്ഥതകൾ (withdrawal symptoms) ഉണ്ടാകുന്നത്. മസ്തിഷ്കവും ശരീരവും മദ്യത്തിന് അടിമപ്പെട്ടു കഴിഞ്ഞാൽ പിന്നെ മദ്യപിച്ചില്ലെങ്കിൽ അതിനെതിരായ പല പ്രതിപ്രവർത്തനങ്ങളും സംഭവിക്കും. ഓരോ വിധത്തിലുള്ള ആസക്തികൾക്കുമുള്ള ചികിത്സകൾ വ്യത്യസ്തമായിരിക്കും. അതുപോലെ withdrawal symptoms-നുള്ള ചികിത്സയും മരുന്നുകളുടെ അടിസ്ഥാനത്തിൽ വ്യത്യസ്തമായിരിക്കും. മദ്യത്തിന് വളരെയധികമായി അടിമപ്പെട്ടിരുന്നവരിൽ ഈ അസ്വാസ്ഥ്യങ്ങൾ ഒരാഴ്ചയിലേറെ ഉണ്ടായിരിക്കും. ഇങ്ങനെയുള്ള അസ്വാസ്ഥ്യങ്ങളിൽ ചിലത് ജീവന് ഭീഷണിയാകുന്നവയും മറ്റുചിലത് അരക്ഷിതാവസ്ഥ ഉളവാക്കുന്ന തരത്തിലുള്ളതുമായിരിക്കും.

എല്ലാത്തരം മരുന്നുകളും വ്യത്യസ്തങ്ങളായ ശാരീരിക അസ്വാസ്ഥ്യങ്ങൾ ഉളവാക്കുന്നവയാണ്. (ചാരായം, കറുപ്പ്, ഉറക്ക മരുന്നുകൾ മുതലായവ). ചില മരുന്നുകൾ കഴിയ്ക്കാതിരുന്നാൽ ശാരീരികമായ അസ്വാസ്ഥ്യം അല്പമേ ഉണ്ടാകുകയുള്ളൂ. എന്നാൽ വൈകാരികമായ അസ്വാസ്ഥ്യം വളരെയധികമായിരിക്കും (കൊക്കൈൻ, കഞ്ചാവ്, ഉത്തേജകമരുന്ന്). ഓരോ വ്യക്തിയുടെയും ശാരീരിക അസ്വാസ്ഥ്യങ്ങളുടെ അവസ്ഥ വ്യത്യസ്തമായിരിക്കും. ഒരാൾക്ക് ശരീരികമായ അസ്വാസ്ഥ്യം വളരെ കുറച്ചുമാത്രമേ അനുഭവപ്പെടുകയുള്ളൂ. എന്നാൽ അതുകൊണ്ട് ആ വ്യക്തി ആസക്തിയുള്ളവനല്ലായിരുന്നു എന്ന് അർത്ഥമാക്കുന്നില്ല. വൈകാരിക അസ്വാസ്ഥ്യങ്ങൾ അവർ കൂടുതലായി അനുഭവിക്കുന്നുണ്ടാകാം. ചില വ്യക്തികളുടെ withdrawal symptoms-ൽ കഠിനമായ പരിഭ്രമവും വിഷാദവും ഉൾപ്പെടുന്നു. അവർക്ക് ഉറങ്ങുന്നതിനുള്ള ബുദ്ധിമുട്ടും ആധിയും നിരാശയും അനുഭവപ്പെടുകയും ചില സാഹചര്യങ്ങളിൽ ആത്മഹത്യാ പ്രവണതയും ഉണ്ടായിരിക്കും.

ചില ആസക്തർക്ക് മദ്യം ലഭിക്കാതിരിക്കുമ്പോൾ അതിന്റെ ഫലമായി അവരുടെ ഹൃദയമിടിപ്പ് ഉയരുകയും ശരീരം എപ്പോഴും വിയർത്തുകൊണ്ടിരിക്കുകയും ചെയ്യും. അവർക്ക് നെഞ്ചിന് മുറുക്കവും ശ്വാസതടസ്സവും അനുഭവപ്പെടും. കൂടാതെ അസ്വസ്ഥത, ഈർഷ്യ, ദേഷ്യം, വിറയൽ, അപസ്മാരം, വിഭ്രാന്തി, ചിത്തഭ്രമം എന്നിവയും അനുഭവപ്പെടാം. അപ്പോൾ ഈ വ്യക്തി ഇതിൽ നിന്ന് രക്ഷ നേടുന്നതിന് അഥവാ ഈ അസ്വാസ്ഥ്യങ്ങൾ ഒഴിവാക്കുന്നതിന് അതേ ലഹരിവസ്തുതന്നെ വീണ്ടും വീണ്ടും ഉപയോഗിക്കുന്നതിന് ഇടയാകും.

**അസഹിഷ്ണുത:–** ഒരേ ലഹരി വസ്തു തന്നെ തുടർച്ചയായി ഉപയോഗിക്കുമ്പോൾ വേണ്ടത്ര ഉന്മത്തത നേടാൻ അഥവാ ഇച്ഛിക്കുന്ന ഫലം അഥവാ കുറഞ്ഞു പോകാത്ത ഫലം ലഭിക്കാൻ അതിന്റെ അളവ് വർദ്ധിപ്പിക്കേണ്ടതായ ആവശ്യം ഉണ്ടാകുന്നു. ഒരു വ്യക്തി 30 മില്ലി ആൽക്കഹോൾ/പുകവലി ഉപയോഗിക്കുന്നുവെങ്കിൽ 6 മാസം കഴിയുമ്പോൾ അതേ പ്രയോജനം ലഭിക്കണമെങ്കിൽ അതിന്റെ അളവ് കൂട്ടി ഉപയോഗിക്കേണ്ടതായി വരും.

**അധികമായ ഉപയോഗം :** ഒരേ ലഹരി വസ്തു തന്നെ കൂടിയ അളവിൽ കഴിക്കുകയും അത് കണക്കിലെടുക്കാതെ ദീർഘകാലം തുടരുകയും ചെയ്യുമ്പോൾ അനുബന്ധപ്രശ്നങ്ങൾ ഉണ്ടാകുന്നു.

**നിസ്സഹായത:** ഈ വ്യക്തിക്ക് ഈ വസ്തുവിന്റെ ദുരുപയോഗം നിർത്തുകയോ നിയന്ത്രിക്കുകയോ ചെയ്യാൻ താൽപര്യം ഉണ്ടാകും. എന്നാൽ അസഹിഷ്ണുതയും ലഹരി ഉപയോഗിക്കാത്തതിന്റെ അസ്വാസ്ഥ്യങ്ങളും നിമിത്തം താൻ നിസ്സഹായനാകുന്നു.

**മനസ്സ് എന്തിലോ വ്യാപൃതമായ അവസ്ഥ:** സമയത്തിന്റെയും ഊർജ്ജത്തിന്റെയും കഴിവിന്റെയും പണത്തിന്റെയും നല്ലൊരു ഭാഗം ലഹരിവസ്തു കൈവശപ്പെടുത്തുന്നതിനും അത് ഉപയോഗിക്കുന്നതിനും വേണ്ടി ചിലവഴിക്കുന്നു. അതുകൊണ്ട് ഈ വ്യക്തി ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യങ്ങളെ മറക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യുന്നു.

**അപായസൂചനകൾ അവഗണിക്കുന്നു:** ലഹരിവസ്തുവിന്റെ തുടർച്ചയായ ദുരുപയോഗം ശാരീരികമായും മനഃശാസ്ത്രപരമായും ഉണ്ടാക്കുന്ന പ്രശ്നങ്ങളെ ഒരുതരം വിദ്വേഷത്തോടെ വീക്ഷിച്ച് തുടർച്ചയായി ലഹരിവസ്തു ഉപയോഗിക്കുന്നതു മൂലം കൂടുതൽ ദൂഷ്യം വരുത്തിവയ്ക്കുന്നു. മദ്യം കഴിക്കുന്നത് നിർത്തണമെന്നും അഥവാ ലഹരിവസ്തുവിന്റെ ഉപയോഗം നിർത്തണമെന്നുമുള്ള ഡോക്ടറുടെ ഉപദേശത്തെ ഈ വ്യക്തി അവഗണിക്കുന്നു.

**സാമൂഹിക ലക്ഷണങ്ങൾ:** ലഹരി വസ്തുവിന്റെ തുടർച്ചയായ ദുരുപയോഗം മൂലമുണ്ടാകുന്ന പകയും വാശിയുമുള്ള സ്വഭാവം, കുടുംബാംഗങ്ങളുമായോ ജോലിസ്ഥലത്തുള്ളവരുമായോ നടത്തുന്ന വാദപ്രതിവാദവും ബഹളവും പോലെയുള്ളവ, സാമൂഹികവും വ്യക്തിബന്ധങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നതിന് ഇടയാകുന്നു. നിരാകരണം, കുറ്റാരോപണം, ശാരീരിക പീഢനം, സാമൂഹിക ജീവിതത്തിൽ നിന്നു പിൻവലിയൽ, ആത്മഹത്യാപ്രവണത എന്നിവ ഇതിൽ ഉൾപ്പെടുന്നു.കഴിഞ്ഞ കാലങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനും അടിമയാകുന്നവർക്കു വേണ്ടി അനേക മാർഗ്ഗങ്ങളിലൂടെ പ്രത്യേകിച്ച് സെമിനാറുകൾ സംഘടിപ്പിച്ചും നിയമങ്ങളും നിയന്ത്രണങ്ങളും ഉണ്ടാക്കിയും മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവരെ ചികിത്സിക്കുന്ന അനേക കേന്ദ്രങ്ങൾ തുടങ്ങി അവയിലൂടെയും ആസക്തിയെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഇന്നും നമ്മുടെ സമൂഹത്തിൽ മദ്യാസക്തി കൂടുതൽ കൂടുതൽ വർദ്ധിക്കുകയും അത് സഭയ്ക്കും സമൂഹത്തിനും സർവ്വോപരി കുടുംബത്തിനും തലവേദനയായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ലഹരി ദുരുപയോഗത്തിന്റെ സ്വഭാവത്തെപ്പറ്റിയും അതിന്റെ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും അറിയുവാൻ ജനങ്ങൾക്ക് അവകാശമുണ്ട്. മദ്യപാനികൾ മനുഷ്യസമൂഹത്തിനിടയിൽ കടന്നുകൂടിയിരിക്കുന്ന പകർച്ചവ്യാധിയും വിനാശകരമായ മാറാരോഗവുമാണ്. അവർ സമൂഹത്തിന്റെ എല്ലാ ഭാഗത്തും ആരെയും കൂട്ടാക്കാതെ മതപരവും സാമൂഹികവും സാമ്പത്തികവും സ്ത്രീകളോടുള്ള ബന്ധത്തിലും തുടങ്ങി എല്ലാ മേഖലകളിലും കടന്നു കൂടും. അവർക്ക് ആത്മീകമായും ശാരീരികമായും കുടുംബ ബന്ധങ്ങളുടെ മാനസികാരോഗ്യത്തിലും അതുപോലെതന്നെ സഭാവികസനത്തിലും ശിശു വികസനത്തിലും പ്രത്യേകമായോ നിർദ്ദേശകാത്മകമായോ ഉള്ള ഒരു സമ്മർദ്ദം ഉണ്ടായിരിക്കും. കൗൺസലിംഗ് ഇടപെടലുകളിൽ സഭയെയും വിവാഹകുടുംബ കൗൺസിലിംഗുകളെയും ഉൾപ്പെടുത്തണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കാരണം, മദ്യപാനികൾ മേൽപ്പറയപ്പെട്ട ബന്ധങ്ങളുടെയെല്ലാം ഭാഗമാണ്. സഭ ഇവരുടെ ജീവിതങ്ങളിൽ പ്രത്യാശ നൽകിക്കൊടുക്കണം. മദ്യപാനം നിർത്താനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ആത്മീകതയിൽ എങ്ങനെ വളരാമെന്നതിനെക്കുറിച്ചും അവർക്ക് മനസ്സിലാക്കിക്കൊടുക്കണം എന്നുള്ളത് സഭയുടെയും പാസ്റ്റർമാരുടെയും സംഘടനാനേതാക്കളുടെയും ഉത്തരവാദിത്തമാണ്. ●

*പരിഭാഷ: എൽസമ്മ സാജു*


# FIRST TIME IN ENGLISH !
## AUTOBIOGRAPHY OF PASTOR K. E. ABRAHAM




Special Price
Rs. 800

**Rare photos**
**17.5 x 24 cm Size**
**448 pages**
**Hardcase binding**
**Price : Rs. 1000**

Available at : **IBC and Seminary Office, *revive* Office, K. E. A. F. Book Depot Kumbanad ■ IGO Campus, Kozhimala**